

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി3)1826/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 08/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേശമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി3)1826/2023 തീയ്യതി: 08/12/2023

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-12-2022 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു പി. എസ്	ഡെപ്യൂട്ടി ഡയറക്ടർ	07-11-2023	15-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-11-2023	15-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി സുധ ഇ. എൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സ്വാലിഹ് സി. പി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജയരാജ് കെ	പ്രസിഡന്റ്	01-04-2022	31-03-2023

ജോസ്മോൻ കെ. എസ്	സെക്രട്ടറി	01-04-2022	05-10-2022
ജയശ്രീ എസ്	സെക്രട്ടറി	06-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബിജു ജോസ്	അസി. സെക്രട്ടറി	01-04-2022	19-10-2022
ഒഴിവ്	അസി. സെക്രട്ടറി	20-10-2022	02-11-2022
ഇ. വി സഫിയ	അസി. സെക്രട്ടറി	03-11-2022	31-03-2023
ഡോ. ശ്രീജിത്ത് എച്ച്. ദാസ്	അസി. സർജ്ജൻ, കുടുംബാരോഗ്യകേന്ദ്രം	01-04-2022	31-03-2023
ഡോ. നിഖിൽ റോഷ് എ. എസ്	വെറ്ററിനറി സർജ്ജൻ	01-04-2022	31-03-2023
ഡോ. ഷംല പടിയത്ത്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2022	31-03-2023
പ്രസൂൺ പവിത്രൻ	വി.ഇ.ഒ (ദേശമംഗലം സർക്കിൾ)	01-04-2022	31-03-2023
പ്രജിത സി. ബി	വി.ഇ.ഒ (ആറങ്ങോട്ടുകര സർക്കിൾ)	01-04-2022	31-03-2023
സുനിത വി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	05-05-2022
അനില പി. ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	06-05-2022	31-07-2022
സുനിത വി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-08-2022	31-03-2023
ബീന എം. കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-03-2023
രൺദീപ് കെ. ആർ	കൃഷി ഓഫീസർ	01-04-2022	18-08-2022
നീതു വർഗ്ഗീസ്	കൃഷി ഓഫീസർ പ്രൊവിഷണൽ	19-08-2022	17-10-2022
ശരണ്യ കെ. എസ്	കൃഷി ഓഫീസർ അഡീഷണൽ ചാർജ്ജ്	18-10-2022	31-10-2022
ക്രിസ്റ്റി വർഗ്ഗീസ്	കൃഷി ഓഫീസർ പ്രൊവിഷണൽ	01-11-2022	24-12-2022
ശരണ്യ കെ. എസ്	കൃഷി ഓഫീസർ അഡീഷണൽ ചാർജ്ജ്	25-12-2022	31-03-2023
മോനാജിത എ. എസ്	എൽ.എസ്.ജി.ഡി എഞ്ചിനീയർ	01-04-2022	17-09-2022
വിപിൻ ദാസ്	എൽ.എസ്.ജി.ഡി എഞ്ചിനീയർ	18-09-2022	14-12-2022
സജ്ന അലോഷ്യസ്	എൽ.എസ്.ജി.ഡി എഞ്ചിനീയർ	15-12-2022	31-03-2023
രാജേഷ് കുമാർ വി	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-1
3	മുൻകൂർ നൽകിയ തുകകൾ ചെലവായി ക്രമീകരിച്ചിട്ടില്ല	1-1-2
4	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി	1-1-3
5	അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം	1-1-4
6	ക്ലോസിംഗ് സ്റ്റോക്ക് മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-6
8	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-7
9	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-8
10	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല	1-1-9
11	വസ്തുനികുതി-സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല	1-1-10
12	MGNREGS-വാർഷിക കണക്കിലെ തുകകളും പദ്ധതി പ്രകാരമുള്ള കാഷ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല	1-1-11
13	ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-12
14	കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-13
15	വാർഷിക കണക്കുകളുടെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല	1-1-14
16	ബജറ്റ്	1-2
17	ഫണ്ട് വിനിയോഗം	1-3
18	പദ്ധതി അവലോകനം	1-4
19	തൊഴിലുറപ്പ് പദ്ധതി	1-5
20	ക്ഷേമ പദ്ധതികൾ	1-6
21	ക്യാഷ് ബാലൻസ് പരിശോധന	1-7
22	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
23	ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ–അവലോകനം	1-9
24	രസീതുകളും അക്കൗണ്ടും-അപാകങ്ങൾ	1-10
25	വസ്തുനികുതി-തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല	1-11
26	ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ്-അപാകങ്ങൾ	1-12
27	പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത	1-13
28	ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ–കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്	1-14
29	മൊബൈൽ ടവർ വസ്തു നികുതി-തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല	1-15
30	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്	1-16
31	സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുന്നു	1-17
32	തൊഴിൽ നികുതി-മറ്റ അപാകതകൾ.	1-18
33	വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - ഗ്രാമപഞ്ചായത്തിലെ വാണിജ്യ	1-19

	കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻ വ്യത്യാസം	
34	ആവശ്യമായ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-20
35	തെരുവ് വിളക്ക് വൈദ്യുതി ചാർജ്-രേഖകൾ ലഭ്യമല്ല	1-21
36	പൊതുടാപ്പുകളുടെ വാട്ടർ ചാർജ്-രേഖകൾ ലഭ്യമല്ല	1-22
37	പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ്- വരവ് കൃത്യമായി രേഖപെടുത്തുന്നില്ല	1-23
38	തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ–പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ	1-24
39	വിനിയോഗ സാക്ഷ്യ പത്രം/പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല	1-25
40	തലശ്ശേരി സബ്സെന്റർ വൈദ്യുതീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കിയത്-തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്	1-26
41	പഞ്ചായത്ത് അസറ്റ് ഡിജിറ്റലൈസേഷൻ ആന്റ് അപ്ഡേഷൻ–പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-27
42	വിവിധ പ്രൊജക്ടുകൾ പ്രകാരം എഫ്.എച്ച്.സി.യിലേക്ക് മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല	1-28
43	ആശുപത്രി മാനേജിംഗ് കമ്മറ്റി-വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്	1-29
44	അങ്കണവാടി പോഷകാഹാര പരിപാടി- ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കിയില്ല	1-30
45	കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-31
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 08.12.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1–1–1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം

ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ട് നമ്പരും പേരും	തുക	വൗച്ചർ നമ്പർ/തീയതി	ചെലവ് ബുക്ക് ചെയ്ത ശീർഷകം
1	13/23- സാന്ത്വന പരിചരണ പദ്ധതി	1,76,991/-	42200962/03-02-2023	251110012-Medical Institutions-Allopathy-Health Related Activities
2	15/23- ജീവിത ശൈലീരോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ	94,741/-	42200946/17-01-2023	251110008-Medical Institutions-Allopathy-Purchase Of Medicines For Hospitals
3	16/23- ജീവൻരക്ഷാ മരുന്ന് ലഭ്യമാക്കൽ	43,650	42200970/08-02-23	251110008-Medical Institutions-Allopathy-Purchase Of Medicines For Hospitals
4	14/23- കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ	1,03,264	42201043/22-03-23	251110008-Medical Institutions-Allopathy-Purchase Of Medicines For Hospitals
5	54/23- ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ	5,00,000	42200886/20-09-22	251110109-Medical Institution-Ayurveda-Purchase

				Of Medcines In Health Institutions

1-1-2 മുൻകൂർ നൽകിയ തുകകൾ ചെലവായി ക്രമീകരിച്ചിട്ടില്ല

460500501-Advance To Implementing Officers എന്ന ശീർഷക പ്രകാരം തൻവർഷം 150,000/- രൂപ 15 വാർഡുകളിലെ പ്രീ മൺസൂൺ ചെലവുകൾക്കായി മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. (വൗ.നം.22200103/30.05.22- 1,50,000/- രൂപ). മുഴുവൻ തുകയും തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ ലെഡ്ജർ പ്രകാരം അഡ്വാൻസ് നൽകിയ തുകകൾ ചെലവായി ക്രമീകരിച്ചിട്ടില്ല. ആയതിനാൽ ടി ചെലവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാതെ പോകുകയും ആസ്തി ശീർഷകത്തിൽ അധിക ബാലൻസ് തുക അവശേഷിക്കുകയും ചെയ്തു.

1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ.
പഞ്ചായത്തിന്റെ ആകെ വരുമാനം (A)

		12,63,37,060
ആകെ ചെലവ് (B)		13,23,32,192
മിച്ചം തുക C= A-B		(-)59,95,132
Prior Period Income	30,12,169	
Prior Period Expenditure	0	
Net Difference Between Prior Period Income And Expenses (D)		30,12,169
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D		(-)29,82,963

എന്നാൽ ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ (E) Gross Surplus/(deficit) Of Income Over Expenditure After Prior Period Items എന്നതിന്റെ ഫോർമുല E=C+D എന്നതിന് പകരം E=C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)59,95,132 ൽ നിന്നും 30,12,169/- കുറച്ചപ്പോൾ ലഭിച്ച (-)90,07,301 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ (-)29,82,963 രൂപ തന്നെയാണ്.

31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	(-)19,76,648
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D	(-)29,82,963
31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	(-) 49,59,611

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 30,12,169 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ

ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല).

1-1-4 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികം

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 19,27,287/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation (-)20,06,400 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-1-5 ക്ലോസിംഗ് സ്റ്റോക്ക് മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ട്രീറ്റ് ലൈറ്റ് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31.03.23 ന് താഴെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

ക്രമ നമ്പർ	ഇനം	എണ്ണം
1	9w LED Bulb	200
2	18w Cospro	1274
3	Pendent Holder	2235
4	Insulation Tape	49
5	Fevi Silicon Clear	10

സ്റ്റോക്ക് രജിസ്റ്ററിൽ സാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 58(4) പ്രകാരം ഓരോ വർഷാന്ത്യത്തിലും സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തേണ്ടതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സാമഗ്രികളുടെ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തുകയോ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2672472/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)5145698രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

എ) ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ

പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് ആധാരമായ വൗച്ചറുകളും വർക്ക്ഷീറ്റുകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ബി) ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിലെ ഷെഡ്യൂൾ I-19 ൽ ഉൾപ്പെട്ട 190100101-Prior Period Income-Property Tax എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം ജേണൽ വൗച്ചർ മുഖേന വസ്തുനികുതി-റെസിഡൻഷ്യൽ - അരിയർ (42201089/31.03.23, ₹4,275), വസ്തു നികുതി-നോൺ റെസിഡൻഷ്യൽ- തൻവർഷം (42201184/31.03.23, ₹290) എന്നിവയുടെ ഡിമാന്റ് കുറവ് ചെയ്യുകയും വസ്തുനികുതി-നോൺ റെസിഡൻഷ്യൽ - അരിയർ (42201090/31.03.23, ₹7,129/-) ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 190200401-Prior Period Income - Other Incomes എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 320300199-Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ശീർഷകത്തിൽ നിന്നും 30,09,605/- രൂപ വരുമാനമായി ക്രമീകരിച്ചിട്ടുണ്ട് (42201187/31-03-2023).

എന്നാൽ ടി ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-9 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർ നം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buildings	42201093/31.03.23	1,997,943
110100102-Property Tax On Non Residential Buildings	42201094/31.03.23	1,669,522
140110101-Licence Fees For Factories, Traders, Entrepreneurs And Other Services	42201172/31.03.23	92,400

1-1-10 വസ്തുനികുതി-സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS

എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	19,97,978	19,51,010	8,451	42,294
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	19,97,943 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	19,47,768 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	8,451 (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	41,764 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (43853*100/105)

സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	16,72,582	16,44,440	4,909	26,847
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	16,69,522 (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	16,41,034 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	4,909 (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	23,585 *(24,764/105X100)

സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക

റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി

"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	3,80,076	2,15,835	1,65,091
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3,85,183 *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (151436+253006= 404442*100/105	2,14,985 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	1,65,339 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 1,73,606*100/105

സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1,84,973	84,886	1,00,117
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1,77,944 (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 66097+120744 = 186841*100/105)	84,856 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	1,00,117 **(1,05,153/105X100 =100146) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

സഞ്ചയ ഡി.സി.ബി. പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ, തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടി ശ്ശിക	ആകെ	തൻ വർഷം	കുടി ശ്ശിക	ആകെ			തൻ വർഷം	കുടി ശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	101860	19779	121639	99355	11041	110396	523		2157	8515	10677
	നോൺ-റെസിഡൻഷ്യൽ	83615	9328	92943	82204	4262	86466	252		1349	5036	6385
	ആകെ			214582			196862	775		17062		
വാർഷിക കണക്കിലെ വിവിധ പത്രികകൾ		2,14,120 State Govt. Cess/levies. ലെഡ്ജർ 2022-23			1,97,171 (റസീറ്റ് & പേയ്മെന്റ് പത്രിക,				1,97,564 (431910101 -State Govt. Cess/levies	16,865 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

പ്രകാരം	ലെ ലെഡ്ജർ, 2021-22 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം (28798 + 101859 + 83463 = 214120	ഷെഡ്യൂൾ ആർ.പി-35 (വരവ്))		ലെഡ്ജർ 2022-23)	

സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,97,171 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,96,862 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,97,564 രൂപയാണ്. (വൗച്ചർ 42201181 തീ. 31.03.23) (പട്ടിക കാണുക).

വസ്തനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues-Property Tax On Residential Building	233110/-	265851/-
2	350410104-Advance Collection Of Revenues-Property Tax On Non-Residential Building	20126/-	27732/-

1-1-11 MGNREGS-വാർഷിക കണക്കിലെ തുകകളും പദ്ധതി പ്രകാരമുള്ള കാഷ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകളും വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പൻഡീച്ചർ അക്കൗണ്ട് പത്രിക ഷെഡ്യൂൾ I-6 പ്രകാരം 160100628-MGNREGS എന്ന ശീർഷപ്രകാരം ആകെ പദ്ധതിച്ചെലവ് 2,71,95,840/- രൂപയാണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. കാഷ്ബുക്ക്/എം.ഐ.എസ്. ചെലവ് പത്രിക എന്നിവ പ്രകാരം ആകെ ചെലവ് 2,71,95,699/- രൂപയാണ്.

1-1-12 ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ

പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

1-1-13 കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-14 വാർഷിക കണക്കുകളുടെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല/ശരിയായി പരിപാലിക്കുന്നില്ല

1. താഴെ പറയുന്ന ഡിമാന്റിനങ്ങളുടെ/വരവിനങ്ങളുടെ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

A. Licence Fees For Factories, Traders, Entrepreneurs And Other Services

B. Rent From Buildings

C. Profession Tax Employees

D. Permit Fee For Construction Of Buildings

2. താഴെ പറയുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനം/ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

A. Profession Tax- Institutions, Traders

B. Registration Fee From Private Hospital & Paramedical Institutions

C. Registration Fee From Tutorial Institutions

D. Permit Fee For Installation Of Machinery

E. Permit Fee For Running Of Machinery

F. Fee For Building Regularisation

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 ൽ ഉൾപ്പെട്ട താഴെ പറയുന്ന ബാധ്യതാശീർഷകങ്ങളിൽ 31.03.23 ന് തുക ബാക്കി നിൽക്കുന്നുണ്ട്.

350400999- Refund Of Unutilised Grants- Prior Period – Rs.4,55,955/-

350409901- Refunds Payable-others – Rs. 1600/-

മേൽ തുകകൾ ഏത് ഫണ്ടുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കുന്ന രജിസ്റ്ററുകൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ പരിശോധിക്കേണ്ടതും തിരിച്ചടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-2 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
25.03.2022	1(1)	313066400	313129220

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	വരവ്	ചെലവ്
14.03.2023	4(1)	197113940	197770922

1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ്		മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	*നീക്കിയിരുപ്പ്/**ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ		0	13998000	13998000	12433505	**1564495
വികസന ഫണ്ട്-എസ്.സി.പി		0	8187000	8187000	6113618	**2073382
മെയിന്റനൻസ്, റോഡ്		0	14120000	14120000	7441333	**6678667
മെയിന്റനൻസ്, നോൺ-റോഡ്		0	5217000	5217000	3362581	**1854419
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	ട്രഷറി	0	221600	221600	0	**221600
	ബാങ്ക്	2493679	3651000	6144679	2020267	*4124412
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-untied)	ട്രഷറി	0	0	0	0	0
	ബാങ്ക്	2326886	2607355 (₹173355/- പലിശ ഉൾപ്പെടെ)	4934241	2533617 (₹381 രൂപ ബാങ്ക് ചാർജ് ഉൾപ്പെടെ)	*2400624
അന്നപൂരക പോഷകാഹാര പരിപാടി		1488973	923374	2412347	1715879	*696468
സമ്പൂർണ്ണ ശുചിത്വം		210000	0	210000	0	*210000
ബേട്ടി ബചാവോ ബേട്ടി പഠാവോ		5300	0	5300	0	*5300
ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ		0	239913	239913	117	*239796
ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി മാറ്റൽ		0	111690	111690	117	*111573
വിമുക്തി		30941	0	30941	0	*30941
ശുചിത്വ മിഷൻ		1297768	0	1297768	54000	*1243768
Grant For Drinking Water (ICDS)		42000	0	42000	0	*42000
ലൈഫ് ഭവന പദ്ധതി- സംസ്ഥാന വിഹിതം		0	1465000	1465000	1265000	*200000
ഗുണഭോക്തൃവിഹിതം		169597	603600	773197	697155	*76042

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെട്ടുന്നില്ല. എന്നാൽ പ്രസ്തുത

ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1–4 പദ്ധതി അവലോകനം

2022 -23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
143	129673071	81	44921622	34.64	56.64

1–5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	938770	938770	938770	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	14124080	14124080	14124080	0
മെറ്റിരീയൽ കോസ്റ്റ്	0	12132849	12132849	12132849	0
ആകെ	0	27195699	27195699	27195699	0

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പൻഡീച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-6 ലെ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ചാർജ്ജ് ഇനത്തിൽ ബാങ്ക് നേരിട്ട് ഈടാക്കിയതും പിന്നീട് തിരികെ ക്രെഡിറ്റ് ചെയ്തതുമായ 141/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകളുടെ കാഷ്ബുക്കിൽ വരവ് ചെലവായി ഉൾപ്പെട്ടിട്ടില്ല.

1–6 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2263100	1467
വിധവാ പെൻഷൻ	13795300	8731
വാർദ്ധക്യകാല പെൻഷൻ	19394500	1789
വികലാംഗ പെൻഷൻ	3560000	228
50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1566800	997
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം	300000	10

1–7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2023 തീയതിയിൽ 4.30 PM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 1,149/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വീടുകൾക്കുള്ള വസ്തുനികുതിയൊഴിവ് അപേക്ഷകൾ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ, വസ്തു നികുതി അടവക്കാത്തവർക്ക് നോട്ടീസ് നൽകാനുള്ള തീരുമാനങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്.വാർഷിക കണക്ക് പ്രകാരം 31.3.2023 ൽ വസ്തുനികുതിയിനത്തിൽ 347376 രൂപ ലഭിക്കാനുണ്ടെങ്കിലും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുങ്ങളിലും നടത്തുന്നില്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ സമയബന്ധിതമായി സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല. ഉദാഹരണത്തിനു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.1.2023 ലെ 6-ാം നമ്പർ തീരുമാന പ്രകാരം 12/393 D, F എന്നീ കെട്ടിടങ്ങൾക്ക് വെക്കൻസി റെമിഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

ഇനം	ബജറ്റ്	റിവൈസ്ഡ് ബജറ്റ്	വാർഷിക ധനകാര്യപത്രിക
വസ്തുനികുതി	64,00,000	39,00,000	36,67,465
തൊഴിൽനികുതി	11,00,000	10,00,000	8,81,570
വാടക	3,75,000	1,10,000	79,710
ലൈസൻസ് ഫീസ്	2,15,000	1,15,000	92,600

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

ഇനം	2021-22	2022-23	വർദ്ധനവ്(%)	
വസ്തുനികുതി റെസിഡൻഷ്യൽ	1,941,414	1,997,943	2.91	246 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു
വസ്തുനികുതി നോൺ റെസിഡൻഷ്യൽ	1,439,071	1,669,522	16.01	
തൊഴിൽ നികുതി-സ്ഥാപനങ്ങൾ,	182,510	45,080	45.77	
തൊഴിൽ നികുതി-ട്രേഡേഴ്സ്		220,970		
തൊഴിൽ നികുതി - ജീവനക്കാർ	657,530	615,520	(-)6.38	

വാടക	73,752	79,710	8.07
FACTEOS ലൈസൻസ്	97,000	92,600	(-)4.53

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ തൊഴിൽ നികുതി – ജീവനക്കാർ, ലൈസൻസ് ഫീ എന്നിവയുടെ വരവ് മുൻ വർഷത്തേക്കാൾ കുറഞ്ഞതിന്റെ കാരണം പരിശോധിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണ്ണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 27.4.2023 ലെ 1 (1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 08.09.2023 ലെ 1 (1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്.
വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ടെങ്കിലും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. പുതുക്കിയ നിരക്കിൽ ആണ് നിലവിൽ നികുതി ഈടാക്കുന്നത്.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി വർദ്ധനയ്ക്ക് കാരണമാകുന്നതാണ്. ആയതിനാൽ ഇത്തരം നടപടികൾ ഊർജിതമായി നടത്തേണ്ടതാണ്. വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ പഞ്ചായത്ത് (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല.

സാങ്കേതിക പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നുണ്ട്. 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാന വസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രീമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപ്പെടുന്ന അവസ്ഥയാണുള്ളത്. ഖണ്ഡിക 1-11 കാണുക.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്താൽ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കുമെന്ന് വിലയിരുത്തുന്നു.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നില്ല. എന്നാൽ പഞ്ചായത്ത്

ഭരണസമിതിയുടെ 27.4.2023 ലെ യോഗത്തിന്റെ മിനിട്സിൽ "വസ്തു നികുതിയോടൊപ്പമുള്ള സേവന ഉപനികുതി നിലവിൽ ഈ പഞ്ചായത്തിൽ ഇല്ല എന്നുള്ളത് യോഗം ചർച്ച നടത്തി. സ്ട്രീറ്റ് ലൈറ്റ് പരിപാലനം, കാന ശുചീകരണം എന്നിവ സമയബന്ധിതമായി ചെയ്യുന്നതിന് ഫണ്ടിൻറെ കുറവ് ഉള്ളതായി യോഗം വിലയിരുത്തി. ആയതിനാൽ വസ്തു നികുതിയോടൊപ്പമുള്ള സേവന ഉപ നികുതി കൂടി ഈടാക്കുന്നതിന് യോഗം ഐകൃകണ്ഠേന തീരുമാനിച്ചു". എന്ന് 2 (1) (2)നമ്പർ തീരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ 2022-23 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലും പൊതു ടാപ്പുകളുടെ വാട്ടർ ചാർജിനത്തിലുമായി ആകെ 23,17,612 രൂപ അടവാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ തീരുമാനപ്രകാരം സേവനഉപനികുതി ഈടാക്കാനുള്ള നടപടികൾ ഇത്രയും പെട്ടെന്ന് പൂർത്തിയാക്കി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കേണ്ടതു അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ GAIL (India) Ltd. എന്ന സ്ഥാപനത്തിൽ നിന്നും വസ്തു നികുതിയുടെ 75% സേവന സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ട്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പരാമർശിച്ചിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി അപ്രകാരമുള്ള ഒരു സേവനം പ്രത്യേകമായും വിപുലമായും ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം, അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവുന്നതാണ്. അത് ചട്ടം 26(1) പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതിയിൽ ഉൾപ്പെടുന്നതല്ലാത്തതിനാൽ ഫീസ് ഈടാക്കാനുള്ള സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. സ്പാർക്ക് പോലുള്ള സോഫ്റ്റ് വെയറിൽ നിന്നും നേരിട്ട് തന്നെ തൊഴിൽ നികുതി കണക്കാക്കി അക്കൌണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കാവുന്നതാണ്. കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ് (1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 24).

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസ്സസ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും നികുതി അടവാക്കിയതായി ഉറപ്പ് വരുത്താവുന്നതുമാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ തന്നെ സ്ഥാപനത്തിന് ലോഗിൻ ഐഡി നൽകി ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് വഴി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരസ്പരം ബന്ധിപ്പിക്കുന്നത് നികുതി പിരിവ് കൂടുതൽ ഫലപ്രദമാകുന്നതിനു സഹായകമാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും വരുത്താവുന്നതാണ്. വിവിധ മേഖലകളിൽ സ്വയം തൊഴിൽ പ്രാക്ടീസ് ചെയ്ത് വരുന്നവരിൽ നിന്ന് വരുമാനത്തിന്റെ ആനുപാതികമായി ഒരു അർദ്ധവർഷത്തേക്ക് നിശ്ചിത തുക തൊഴിൽ നികുതിയായി അടവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് പരിഗണിക്കുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിക്കാവുന്നതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് പരിപാലിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരങ്ങടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

ലൈസൻസ് വരവ്

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഖണ്ഡിക 1-15 ലും പരാമർശിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള എല്ലാ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

ലേലം, വാടക, തുടങ്ങിയവ

കെട്ടിടങ്ങളിൽ നിന്നും ഓഡിറ്റോറിയം/ഹാൾ എന്നിവയിൽ നിന്നുമുള്ള വാടക ഇനത്തിൽ വാർഷിക വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

വിനോദനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നില്ല. വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനു നിക്ഷിപ്തമായ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

ഓഡിറ്റ് ശിപാർശകൾ:

- തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- നികുതി/നികുതിയേതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.
- പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.
- കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 രസീതുകളും അക്കൗണ്ടും-അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1 . 5891 എന്ന രസീത് ബുക്ക് ക്യാൻസൽ ചെയ്തിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർക്കു നൽകിയ രസീത് ബുക്കിലെ (നമ്പർ 5886) പണം ഒടുക്കിയ ആൾക്ക് രസീതിന്റെ പകർപ്പ് നൽകിയിട്ടില്ല. അസ്സൽ രസീതും ഡ്യൂപ്ലിക്കേറ്റ് രസീതും രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇത് ചട്ടവിരുദ്ധമാണ് (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ)).

3. ഡേ ബുക്ക് പ്രകാരം കളക്ഷൻ വന്ന താഴെ കാണുന്ന തുക ബാങ്കിൽ അടവാക്കപ്പെട്ടിട്ടില്ല.

ക്രമ നമ്പർ	രസീത് നമ്പർ/ തീയതി	തുക
1	1230101311/ 26.10.2023	5519

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/13.11.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 3 ലെ തുക വസ്തു നികുതി റവന്യൂ റിക്കവറി ഇനത്തിലുള്ള തുകയുടെ ഡി ഡി താലൂക്കിൽ നിന്നും ലഭിച്ചത് തെറ്റായി രസീത് ചെയ്തതാണെന്നും ആയത് ക്യാൻസൽ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ തുക കൃത്യമായ രീതിയിൽ രസീത് ചെയ്യേണ്ടതും പഞ്ചായത്തിന്റെ വരവായി കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കൂടാതെ രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-11 വസ്തുനികുതി-തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉറപ്പ് വരുത്തിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. 250 ചതുശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ ബാധകമായ 15% വർധനവ് നികുതിയിൽ വരുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്, വിലാസം	കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ)
7/155 A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q, R	ബാലകൃഷ്ണൻ കെ. എൻ, കുളങ്ങരമഠം	658.65
3/329 D,E,F,G,H,	മുസ്തഫ, പള്ളത്തു ഹൗസ്	339.61
7/88 A, B, C, D, E, F, G, H, I, J, K, L	ഫാറൂഖ് മുഹമ്മദ്, റാഫി ഖലീദ് & മറ്റുള്ളവർ, ഇക്കുറിയതു ഹൗസ്	362.59

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്തിൽ 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 11/13.11.2023)

1–12 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ്–അപാകങ്ങൾ

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട് (വാർഡ് നമ്പർ 2,12,13 എന്നീ വാർഡുകളിലെ വിവരങ്ങൾ മാത്രം സഞ്ചയയിൽ പരിശോധിച്ചതിൽ നിന്ന്).

ക്രമ നമ്പർ	കെട്ടിട നം.	കെട്ടിട ഉടമ	ഫയൽ നം./അപേക്ഷ തീയതി	ഒഴിവാക്കിയ കാലയളവ്
1	2/12	ബാലകൃഷ്ണൻ, കൊണ്ടയൂർ	Jc2/2749/2022 29.10.2022	1.4.2022-30.9.2022
2	2/13	ബാലകൃഷ്ണൻ, കൊണ്ടയൂർ	Jc2/2749/2022 29.10.2022	1.4.2022-30.9.2022
3	2/10 A	ബാലകൃഷ്ണൻ, തെക്കേടത്തു	Jc2/2749/2022 28.03.2023	1.4.2022-30.9.2022
4	12/104 A,B,C,D	സുമേഷ് & സുകുമാരൻ മാളിക ഉണ്ണിയാട്ടിൽ ഹൗസ്	Jc2/1492/2022 22.08.2022	1.4.2022-30.9.2022
5	12/104 A,B,C,D	സുമേഷ് & സുകുമാരൻ മാളിക ഉണ്ണിയാട്ടിൽ ഹൗസ്	Jc2/4830/22 30.12.2022	1.10.2022-31.3.2023
6	13/102 A,B,C	ഹംസ, ചരുവില് പീടികയില്	Jc2/1558/2022 27.08.2022	1.4.2022-30.9.2022
7	13/437 M,N,O,P,Q,R	മൊയ്തീൻകുട്ടി, സൗര്യംപറമ്പിൽ	Jc2/885/22 24.06.2022	1.4.2022-30.9.2022
8	13/437 M,N,O,P,Q,R	മൊയ്തീൻകുട്ടി, സൗര്യംപറമ്പിൽ	1452/2023 14.02.2023	1.10.2022-31.3.2023

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/13.11.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കുന്നതിനൊടൊപ്പം 2022-23 സാമ്പത്തിക വർഷത്തിൽ ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും ചട്ടങ്ങൾ പാലിച്ചു കൊണ്ടാണ് ഇളവ് നല്കിയിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അത്തരം കെട്ടിടങ്ങളിൽ നിന്ന് അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1–13 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 11, 12, 15 വാർഡുകളിലെ 2022-23 വർഷത്തിൽ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. കെട്ടിടം പൊളിച്ചുകളയുന്നതിനായി നോട്ടീസ് നൽകിയ തീയതിയുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ തീയതിയിലാണ് നോട്ടീസ് നൽകിയതെന്ന് അനുമാനിക്കാവുന്നതാണ്.

ക്രമ നമ്പർ	ഫയൽ നമ്പർ/ തീയതി	കെട്ടിട നമ്പർ	പേര്	ഉപയോഗ ക്രമം	വിസ്തീർണം	നികുതി ഒടുക്കാത്ത കാലയളവ്	ഒഴിവാക്കിയ നികുതി
1	4208/2022 12.12.2022	11/264	വാസുദേവൻ	പാർപ്പിടം	72	2022 ഒന്നാം അർദ്ധവർഷം മുതൽ	152
2	2662/2023 31.3.2023	11/134 A	മുഹമ്മദ് സിദ്ധിഖ്	MSME Dev Act 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടം	167.24	2020 ഒന്നാം അർദ്ധവർഷം മുതൽ	8430
3	Jc3/3355/2022 15.11.2022	12/328	ജാനകി	പാർപ്പിടം	65	2022 ഒന്നാം അർദ്ധവർഷം മുതൽ	172
4	1709 28.1.2023	15/187 A	സോമസുന്ദരൻ	വാണിജ്യാവശ്യം	26.06	2022 ഒന്നാം അർദ്ധവർഷം മുതൽ	1643

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 11/13.11.2023) മറുപടി ലഭ്യമാക്കിയില്ല. 1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആയിരം രൂപയിൽ കവിയാത്ത തുക മാത്രമേ ഗ്രാമപഞ്ചായത്തിന് നേരിട്ട് എഴുതിത്തള്ളാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങണം. മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 ക്രമവത്ക്കരിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ-കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 95(3) പ്രകാരം പെർമ്മിറ്റ് കൂടാതെയുള്ള നിർമ്മാണങ്ങളും വ്യതിയാനങ്ങളും ക്രമവൽക്കരിച്ചു നൽകുമ്പോൾ അനുബന്ധം G2 ലെ പോലെ ഒരു മാതൃകരജിസ്റ്ററിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ മേൽ പറഞ്ഞ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പെർമ്മിറ്റ് രജിസ്റ്ററിൽ തന്നെയാണ് കെട്ടിടം റഗുലറൈസ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചത് ചേർത്തിട്ടുള്ളത്. പെർമ്മിറ്റില്ലാതെ പുതുതായി നിർമ്മിച്ച/വ്യതിയാനം വരുത്തിയ കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൂനത റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് ഫയൽ പുന:സമർപ്പിക്കുന്നതിന് മടക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ	ഫയൽ	അപേക്ഷകന്റെ	കെട്ടിടത്തിന്റെ	ഫയൽ

നമ്പർ	നമ്പർ/തിയതി	പേരും	ആകെ വിസ്തീർണ്ണം (ച.മീ)	മടക്കിയ തിയതി
2	Jc3/1014/ 4.7.2022	കൃഷ്ണദാസ് & സ്വീറ്റി, മേലേതൊടിയിൽ	71.65	ലഭ്യമല്ല
3	Jc3/1937/ 27.9.2022	സതീദേവി മുതൽപേർ പുത്തൻപുരക്കൽ	126.08	20.10.2022
4	Jc3/3031/ 4.11.2022	നൗഷാദ്, കിലപ്പുറത്തു	245.52	20.12.2022
5	Jc3/3243/ 9.11.2022	മുഹമ്മദ് അഷ്റഫ്, മുത്തങ്ങയിൽ	210.3	16.2.2023

ന്യൂനത പരിഹരിച്ച് ഫയൽ പുന:സമർപ്പിക്കാത്ത പണി പൂർത്തീകരിച്ച പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കഴിയാത്തപക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA വകുപ്പ് പ്രകാരം അനധികൃത കെട്ടിട നിർമ്മാണത്തിലുൾപ്പെടുത്തി നിയമാനുസൃത മായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി തുക മേൽ പറഞ്ഞ കെട്ടിടങ്ങൾക്കു നിർണ്ണയിക്കേണ്ടതും ആയതുപ്രകാരം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 11/13.11.2023)

1-15 മൊബൈൽ ടവർ വസ്തു നികുതി-തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനുള്ള തറ വിസ്തീർണത്തിൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റു അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നിവ ഉൾപ്പെടുത്തി തറവിസ്തീർണം കണക്കാക്കാവുന്നതാണെന്നു തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.2.2022 ലെ ആർ.ഡി.3/94/2020 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ദേശമംഗലം പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ (കെട്ടിട നമ്പർ 3/7. 6/81 C, 15/210 C) വസ്തു നികുതി കണക്കാക്കിയിട്ടുള്ളത് മേൽ സർക്കുലർ പ്രകാരമുള്ള തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 15/13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനായി സർക്കാർ നിഷ്കർഷിച്ച തറവിസ്തീർണമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നികുതി പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ഈടാക്കിയതിൽ കുറവ് വന്ന നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതുമാണ്.

1-16 പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21 ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ11/13.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത

വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1–17 സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുന്നു

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും 1948 ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ വിവിധ വകുപ്പുകൾ നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഇറക്കിയ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാപനങ്ങൾ നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി നൽകാതെ സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	തൊഴിലാളിയുടെ പേര്/ ഉദ്യോഗപ്പേര്	റിട്ടേൺ പ്രകാരം പ്രതിമാസം നൽകുന്ന അടിസ്ഥാന വേതനം (രൂപ)	നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ)	സർക്കാർ ഉത്തരവ്
1	മലബാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി,ദേശമംഗലം	സുധാകരൻ (നോൺ ടീച്ചിങ്ങ്)	7116	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	G.O.(P) No.22/2021/LBR Dated, Thiruvananthapuram, 11 Th February, 2021 (സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരി ക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
		സുകുമാരൻ	10500	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		വിദ്യ (നോൺ ടീച്ചിങ്ങ്)	9422	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		അജീബ (നോൺ ടീച്ചിങ്ങ്)	8128	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		അബ്ദുള്ളക്കുട്ടി (നോൺ ടീച്ചിങ്ങ്)	9666	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		ഷാമിന (നോൺ ടീച്ചിങ്ങ്)	6924	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	

		വിനോദ് (ടെക്നിക്കൽ)	9077	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		ജയപ്രകാശ് (ടെക്നിക്കൽ)	9346	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		തങ്കപ്പൻ (ടെക്നിക്കൽ)	8000	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		മുജീബ് റഹ്മാൻ (ടെക്നിക്കൽ)	9672	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		സ്നേഹ (ടെക്നിക്കൽ)	6056	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		വിഷ്ണു (ടെക്നിക്കൽ)	7419	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		വിധു (ടെക്നിക്കൽ)	7478	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
		കൃഷ്ണപ്രിയ (ടെക്നിക്കൽ)	6500	തസ്തിക അനുസരിച്ചു 11130 രൂപ മുതൽ 16990 രൂപ വരെ	
2	അമൃത ഫൈനാൻസിയേഴ്സ്	പദ്മജ (മാനേജർ)	16500	20500	G.O. (P) No. 8/2020/LBR. Dated, Thiruvananthapuram, 16th January, 2020

					(സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
		പ്രസീജ (ക്ലർക്ക്)	13500	14750	
3	മണപ്പുറം ഫിനാൻസ് ലിമിറ്റഡ്	സാമുവൽ ടി രജി (സീനിയർ അസിസ്റ്റന്റ്)	9167	14750	G.O. (P) No. 8/2020/LBR. Dated, Thiruvananthapuram, 16th January, 2020 (സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
		രോഹിത് കുമാർ (ജൂനിയർ അസിസ്റ്റന്റ്)	4151	14750	
		നിമി (ഹൗസ് കീപ്പിങ്ങ്)	6248	10150	
		അഹമ്മദ് ഫസാദ് (ജൂനിയർ അസിസ്റ്റന്റ്)	8116	14750	
		നിതിൻ എം (ജൂനിയർ ഓഫീസർ)	11382	14750	
		ഉദിത് കൃഷ്ണ (സീനിയർ അസിസ്റ്റന്റ്)	9571	14750	
4	ശ്രീലക്ഷ്മി ഫിനാൻസ്	രവിശങ്കർ (മാനേജർ)	10500	20500	G.O. (P) No. 8/2020/LBR. Dated, Thiruvananthapuram, 16th January, 2020 (സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
		ശ്രീലത (ക്ലർക്ക്)	8500	14750	
5	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് ആറങ്ങോട്ടുകര	വിനോദ് (സെയിൽസ് മാൻ)	6250	11670	G.O. (P) No. 101/2019/LBR. Dated,

					Thiruvananthapuram, 5th November 2019 (സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും കള്ള് വില്പന സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
6	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് തലശ്ശേരി	രാജൻ (സെയിൽസ് മാൻ)	6250	11670	G.O. (P) No. 101/2019/LBR. Dated, Thiruvananthapuram, 5th November 2019 (സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും കള്ള് വില്പന സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
7	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് മേലെ തലശ്ശേരി	വിനീഷ് (സെയിൽസ് മാൻ)	6250	11670	G.O. (P) No. 101/2019/LBR. Dated,

					Thiruvananthapuram, 5th November 2019 (സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും കള്ള് വില്പന സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
8	ഗ്രൂപ്പ് 4 കള്ള് ഷാപ്പ് വടക്കാഞ്ചേരി റേഞ്ച്	ശ്രീധരൻ (ഷോപ്പ് മാനേജർ)	2333	12060	G.O. (P) No. 101/2019/LBR. Dated, Thiruvananthapuram, 5th November 2019 (സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും കള്ള് വില്പന സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്)
		മദനമോഹനൻ (ഷോപ്പ് മാനേജർ)	2333	12060	

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9/13.11.2023) മറുപടി ലഭ്യമാക്കിയില്ല.തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ്

രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം തൊഴിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 തൊഴിൽ നികുതി-മറ്റു അപാകതകൾ.

പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽ നിന്ന് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ക്രമ നമ്പർ	സ്ഥാപനം	അടവാക്കാത്ത നികുതി
1	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് ആറങ്ങോട്ടുകര	സ്ഥാപന തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം)
2	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് തലശ്ശേരി	സ്ഥാപന തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം)
3	ഗ്രൂപ്പ് 3 കള്ള് ഷാപ്പ് മേലെ തലശ്ശേരി	സ്ഥാപന തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം)
4	ഗ്രൂപ്പ് 4 കള്ള് ഷാപ്പ് വടക്കാഞ്ചേരി റേഞ്ച്	സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
5	പോസ്റ്റ് ഓഫീസ് തലശ്ശേരി	ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം)
6	പോസ്റ്റ് ഓഫീസ് പള്ളം	ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം)
7	ബി.എസ്.എൻ.എൽ തലശ്ശേരി	ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
8	മാവേലി സ്റ്റോർ ദേശമംഗലം	സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
9	പ്ലസ് മൈനസ് ഫിനാൻസ്	ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം)
10	ഹൈ പാലസ് ഓഡിറ്റോറിയം	സ്ഥാപന തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം)
11	വി ഫൈവ് ഓഡിറ്റോറിയം	ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
12	വി സ്റ്റാർ ഓഡിറ്റോറിയം പള്ളം	ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
13	ഇസാഫ് ബാങ്ക്	സ്ഥാപന തൊഴിൽ നികുതി (രണ്ടാം അർദ്ധവർഷം)
14	നെഹ്റു മെമ്മോറിയൽ	ജീവനക്കാരുടെ തൊഴിൽ നികുതി

	ഇംഗ്ലീഷ് മീഡിയം സ്കൂൾ	(ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
15	കേരള വാട്ടർ അതോറിറ്റി	ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)
16	ബിപി അസ്സോസിയേറ്റ്സ്	ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (ഒന്നാം അർദ്ധവർഷം)
17	ടി.എം.എച് ഗ്രാനൈറ്റ്സ്	ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധവർഷങ്ങൾ)

2. ലൈസൻസ് രജിസ്റ്ററിലെ ഒന്ന് മുതൽ 20 വരെയുള്ള അപേക്ഷകളിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് താഴെ പറയും പ്രകാരം ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം
1	ടി.എം.എച്ച് ഗ്രാനൈറ്റ്സ്	9
2	സിൽവർ സ്റ്റാർ ഹോളോ ബ്രിക്സ്	4
3	ദേശമംഗലം സോ മിൽ	3
4	സുഹൈബ് സിമന്റ് പ്രോഡക്ട്	2
5	ബേബി റൈസ് മിൽ	1
6	ശോഭ ഐസ് ഫാക്ടറി	3
7	സന്ധ്യ വിക്സ്	2
8	അർച്ചന ഫാഷൻ വേൾഡ്	2
9	ശ്രീകൃഷ്ണ ഇൻഡസ്ട്രീസ്	2
10	മിന്റ് റൈസ് മിൽ	2

3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

4. 2022-23 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

6. ഓഡിറ്റിന് സമർപ്പിച്ച പല പത്രികകളിലും ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ: പോസ്റ്റ് ഓഫീസ് ദേശമംഗലം എന്ന സ്ഥാപനത്തിന്റെ പത്രിക.

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതും പഞ്ചായത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള എല്ലാ സ്ഥാപങ്ങളിലെയും മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി

അടവാക്കിയിട്ടുണ്ടെന്നു ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/13.11.2023)

1–19 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ – ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻ വ്യത്യാസം

ദേശമംഗലം ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

ക്രമ നമ്പർ	കെട്ടിടങ്ങളുടെ തരം	എണ്ണം
1	100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	999
2	100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	77
3	200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങള്	3
4	200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	69
5	വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ	3
6	അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ	9
7	വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ്	40
8	ഇതര വ്യവസായങ്ങൾക്കുള്ളവ	42
9	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	51
10	റിസോർട്ടുകൾ	1
	ആകെ	1294

ഗ്രാമപഞ്ചായത്തിൽ ആകെ 1294 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1294 കെട്ടിടങ്ങളിൽ 278 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുകയും ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഫീ ഇനത്തിൽ വരുമാനവർദ്ധനവിനും സഹായമാകുമെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/13.11.2023)

1–20 ആവശ്യമായ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പ്രോജക്ട് നമ്പർ 48/23, ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി പദ്ധതിയുടെ ഗുണഭോക്താക്കൾ

സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്ന് ലഭ്യമായ ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	കന്നുകാലികളുടെ എണ്ണം
1	രവീന്ദ്രൻ, മുണ്ടയൂർ	9
2	ഷീജ, തെക്കഞ്ചേരി	6
3	ചന്ദ്രിക, തെക്കേക്കരയിൽ	10
4	നന്ദകുമാർ, പടിഞ്ഞാറേ പണ്ടാരത്തിൽ	30
5	വിശാലാക്ഷി, പെരുമ്പാളെ തെക്കേതിൽ	16
6	ലക്ഷ്മിക്കുട്ടി, കളത്തിൽ	11
7	ഫാത്തിമ, ചീരംപറമ്പിൽ	7
8	പുഷ്പലത, തോട്ടേക്കാട്	9
9	അർജ്ജുൻ, കുന്നത് വീട്	15

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(2) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 3(1) ൽ ലൈസൻസ് ആവശ്യമില്ലാതെ വളർത്താവുന്ന പരമാവധി കന്നുകാലികളുടെ എണ്ണം 5 ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ദേശമംഗലം പഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് നൽകിയ ലൈസൻസിന്റെ വിവരങ്ങൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ 2 കോഴി ഫാമിന് മാത്രമാണ് ലൈസൻസ് നല്കിയിട്ടുള്ളതെന്ന ശ്രദ്ധയിൽപ്പെട്ടു.

2. ഡബ്ല്യു.പി.സി 22937/2021 നമ്പർ റിട്ട് ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.7.2022 ലെ വിധിന്യായത്തിലെ നിർദ്ദേശാനുസാരണം തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 1.8.2022 ലെ എൽ.എസ്.ജി.ഡി-ആർ ഡി 1/147/2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തി അത്തരത്തിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർബന്ധമായും ലൈസൻസ് നേടാൻ നിർദ്ദേശിച്ചു നോട്ടീസ് നല്കാൻ ആവശ്യപെട്ടിട്ടുണ്ട്. മേൽ സർക്കുലർ പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്തിൽ ആവശ്യമായ ലൈസൻസില്ലാതെ ഫാമുകളോ മറ്റു സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി ഫീൽഡ് പരിശോധന നടത്തേണ്ടതും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/സർക്കുലറുകൾ എന്നിവ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/13.11.2023)

1-21 തെരുവ് വിളക്ക് വൈദ്യുതി ചാർജ്-രേഖകൾ ലഭ്യമല്ല

തെരുവ് വിളക്ക് വൈദ്യുതി ചാർജ് (230100101 – Electricity Charges For Street Lights) എന്ന ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 വർഷത്തിൽ പഞ്ചായത്തിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ ആകെ 737,144 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെയും മിനി മാസ്റ്റ്, ഹൈ മാസ്റ്റ് വിളക്കുകളുടെയും ആകെ ചാർജ് തുകയാണ് മേൽ പരാമർശിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	വൗച്ചർ നമ്പർ	തുക
08-04-2022	42200014	51,762.00
10-05-2022	42200060	50,572.00
19-05-2022	42200068	3,114.00
03-06-2022	42200099	663.00
09-06-2022	42200107	51,686.00
07-07-2022	42200177	74,948.00
06-08-2022	42200246	55,142.00
04-09-2022	42200311	56,557.00
11-10-2022	42200389	70,220.00
09-11-2022	42200476	67,236.00
09-12-2022	42200556	61,652.00
11-01-2023	42200602	65,814.00
10-02-2023	42200684	62,149.00
13-03-2023	42200769	65,629.00
ആകെ		7,37,144.00

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ വിവരം ഉൾപ്പെടുത്തിയ രേഖകൾ/രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല.

2. മീറ്റർ ഘടിപ്പിച്ച തെരുവ് വിളക്കുകളുടെ എണ്ണവും മീറ്റർ ഘടിപ്പിച്ചിട്ടില്ലെങ്കിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഈടാക്കാൻ ഉപയോഗിക്കുന്ന നിരക്കുകളുടെ അടിസ്ഥാനവും ലഭ്യമാക്കിയില്ല.

3. KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമല്ല.

സർക്കുലർ നമ്പർ ഡി.എ.1/17/2019/ത.സ്വ.ഭ.വ തീ.21.02.2019 പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി KSEB വിവരം ശേഖരിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്ന വിവരങ്ങൾ KSEB യഥാസമയം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 16/14.11.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ വിവരം ഉൾപ്പെടുത്തിയ രേഖകൾ/രജിസ്റ്ററുകൾ മീറ്റർ ഘടിപ്പിച്ചവയുടെയും അല്ലാത്തവയുടെയും വിവരങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തി അടിസ്ഥാന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

1-22 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്-രേഖകൾ ലഭ്യമല്ല

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് (230110101 - Water Charges For Kwa Street Taps) എന്ന ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 വർഷത്തിൽ പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ ആകെ 1,580,468 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (2023 ജനുവരി വരെ ഒരു ടാപ്പിന്റെ വാർഷിക നിരക്ക് 5788.13 രൂപയും ഫെബ്രുവരി 2023 മുതൽ

ആയത് 14559.12 രൂപയുമാണ്).

തീയതി	വൗച്ചർ നമ്പർ	തുക
18-04-2022	42200021	1,05,149.00
17-05-2022	42200066	1,05,149.00
14-06-2022	42200114	1,05,149.00
12-07-2022	42200182	1,05,149.00
23-08-2022	42200263	1,05,149.00
12-10-2022	42200395	1,05,149.00
18-10-2022	42200412	1,05,149.00
09-11-2022	42200478	1,05,149.00
24-12-2022	42200566	1,05,149.00
23-01-2023	42200629	1,05,149.00
23-02-2023	42200716	2,64,489.00
18-03-2023	42200780	2,64,489.00
ആകെ		15,80,468.00

മേൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. വിശദവിവരം താഴെചേർക്കുന്നു.

1. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെ വിവരം ഉൾപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് ലഭ്യമല്ല.
2. ഡിമാൻഡ് നോട്ടീസ് പ്രകാരം പഞ്ചായത്തിലെ ആകെ പൊതു ടാപ്പുകളുടെ എണ്ണം 218 ആണ്. പ്രസ്തുത എന്നതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമല്ല.

സർക്കുലർ നമ്പർ ഡി.എ.1/17/2019/ത.സ്വ.ഭ.വ തീ.21.02.2019 പ്രകാരം പൊതു ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി KWA യുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തേണ്ടതാണെന്നും കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കാൻ പാടില്ലായെന്നും മറ്റുള്ള സ്ഥലങ്ങളിലെ പ്രവർത്തനരഹിതമായവ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 17/14.11.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1-23 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ്- വരവ് കൃത്യമായി രേഖപെടുത്തുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്ക് പ്രകാരം 150400101 – HIRE CHARGES OF AMBULANCE എന്ന ഇനത്തിൽ 7200 രൂപയുടെ വരവുണ്ട് (വാഹന നമ്പർ KL 8 AG 7892). പ്രസ്തുത ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്ന് മേൽ തുകയുടെ നറേഷൻ ആയി " Book Number 60012 [78-100]hire Charge Collected From 24/4/2021 To28/10/2021 " എന്ന് രേഖപെടുത്തിയിട്ടുണ്ട്. ആംബുലൻസ് വാടക ഇനത്തിലുള്ള വരവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 60012 നമ്പർ രസീത്ബുക്ക് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 12/13.11.2023,20/14.11.2023), ഓഡിറ്റ് റീക്വിസിഷൻ (നമ്പർ 1/13.11.2023) എന്നിവ നൽകിയെങ്കിലും പ്രസതുത രസീത് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12 പ്രകാരം പ്രസ്തുത രസീത് ബുക്ക് നിലവിലില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം കൂടുതൽ അന്വേഷണം നടത്തി ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയുടെയും അധികാരികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

2. 150400101 – HIRE CHARGES OF AMBULANCE എന്ന ഇനത്തിന്റെ നറേഷൻ പ്രകാരം 24.4.2021 മുതൽ 28.10.2021 വരെയുള്ള കളക്ഷൻ തുക അടവാക്കിയത് 10.5.2022 നാണ് (രസീത് നമ്പർ 1220100223/ 10.5.2022). തുക അടവാക്കാൻ വൈകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. രസീത് ചെയ്ത തുക ക്യാഷ് ബുക്കിൽ വരവ് വെക്കാത്തത് വീഴ്ചയാണ് (കേരള ഫിനാൻഷ്യൽ കോഡ് വാള്യം I ആർട്ടിക്കിൾ 9). രസീത് നൽകുന്ന തുക യഥാസമയം വരവ് വെക്കാതിരുന്നത് മേലധികാരികളുടെ ശ്രദ്ധയിൽപ്പെടാതിരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക കാര്യത്തിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരാജയമാണ് സൂചിപ്പിക്കുന്നത്. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3. ഓഡിറ്റിന് ലഭ്യമാക്കിയ ഏറ്റവും അവസാനത്തെ രസീത് (100/60011) പ്രകാരമുള്ള വാഹനത്തിന്റെ മീറ്റർ റീഡിങ് 77273 KM ആണ് (തീ 1.10.2020). ഓഡിറ്റിന് ലഭ്യമാക്കിയ വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം വാഹനം 26.8.2022 തീയതി വരെ ഉപയോഗിക്കുകയും ആകെ 96674 KM ദൂരം സഞ്ചരിക്കുകയും ചെയ്തിട്ടുണ്ട്. 26.8.2022 നു ശേഷം വാഹനം സഞ്ചരിച്ച വിവരങ്ങൾ ലഭ്യമല്ല. രസീത് വിവരങ്ങൾ ലഭ്യമല്ലാത്ത ലോഗ് ബുക്ക് പ്രകാരം സഞ്ചരിച്ച 19401 KM ദൂരത്തിന്റെ വാടക ഇനത്തിൽ ലഭിക്കേണ്ട വരവ് യഥാസമയം പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരം വ്യക്തമല്ല. ആംബുലൻസിന്റെ ഉപയോഗം, വാടക നിരക്ക് എന്നിവ സംബന്ധിച്ച പരാമർശിക്കുന്ന ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബൈലോ പ്രകാരം 19401 KM സഞ്ചരിച്ചതിനു വാടക ഇനത്തിൽ ലഭിക്കേണ്ട തുക കണക്കാക്കി പ്രസ്തുത തുക വരവായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത തുക ലഭിച്ചിട്ടില്ലാത്ത പക്ഷം പഞ്ചായത്തിന്റെ വരവ് ഇനത്തിൽ വന്നിട്ടുള്ള നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

4. തനത് ഫണ്ട് വൗച്ചർ പ്രകാരം 2022-23 വർഷത്തിൽ ആംബുലൻസ് റിപ്പയർ ചെയ്യുന്നതിനായി 33985/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്ന വിവരവും ഉപയോഗിക്കുന്നില്ലെങ്കിൽ വാഹനത്തിന്റെ നിലവിലെ സ്ഥിതിയും വാഹനം എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നുമുള്ള വിവരവും ലഭ്യമാക്കിയില്ല. കൂടാതെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
2. വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ, കസ്റ്റോഡിയൻ ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.
4. വാഹനത്തിന്റെ ഇന്ധന ഉപയോഗത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

5. ഓഡിറ്റിന് ലഭ്യമാക്കിയ വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം 26.8.2022 തീയതി വരെയാണ് വാഹനം ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ നിന്ന് വൗച്ചർ നമ്പർ 22200478/6.10.2022 പ്രകാരം ആംബുലൻസ് ഡ്രൈവർക്ക് സെപ്തംബർ മാസത്തെ ശമ്പളം നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം സെപ്റ്റംബർ മാസത്തിൽ വാഹനം മാസത്തിൽ ഉപയോഗിച്ചിട്ടില്ല എന്നിരിക്കെ വാഹനത്തിന്റെ ഡ്രൈവർക്ക് സെപ്തംബർ മാസത്തിലെ ശമ്പളം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ ആംബുലൻസിന്റെ ഡ്രൈവറുടെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും വാഹനം സഞ്ചരിക്കാത്ത തീയതിയിൽ ഡ്രൈവർക്ക് അനർഹമായി ശമ്പളം നൽകിയിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത തുക പഞ്ചായത്തിന് തിരികെ ലഭ്യമാവാനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/13.11.2023,20/14.11.2023)

1-24 തെരുവു വിളക്ക് സാമഗ്രികൾ വാങ്ങൽ-പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നമ്പറും പേരും	50/23-തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ

അടങ്കൽ	4,00,000/- (വികസന ഫണ്ട്-ജനറൽ)
ചെലവ്	3,96,940/- വൗച്ചർ നം.-42200875/17.8.22
നിർവ്വഹണ ഉദ്യോഗസ്ഥ	സെക്രട്ടറി

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പ്രോജക്ട് നം.194/22 തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ട് 2022-23 വർഷം സ്പിൽ ഓവർ ആയി പ്രൊജക്ട് നമ്പർ 50/23 ആയി നടപ്പാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്കായുള്ള എൽ.ഇ.ഡി ബൾബുകളും അനുബന്ധ സാമഗ്രികളും ടെണ്ടർ മുഖേന വാങ്ങി സ്ഥാപിയ്ക്കുന്ന പദ്ധതിയാണിത്. നവഭാരത് ഏജൻസീസ്, 9/525 നാസ് പ്ലാസ്സ, ആമക്കുളം, വടക്കുഞ്ചേരി, പാലക്കാട് എന്ന സ്ഥാപനത്തിലേക്ക് സപ്ലൈ ഓർഡർ നം.-A2-459/22/6.05.2022 പ്രകാരം താഴെ പറയുന്ന ഇലക്ട്രിക്കൽ സാമഗ്രികളുടെ റിക്വയർമെന്റ് ലിസ്റ്റ് നല്കിയിട്ടുണ്ട്.

Sl.No.	PARTICULARS	Company	Unit Price	Neede Quantity	Amount
1	LED BULB-9W	LUKER	62.5	1600	100000
2	LED BULB-18W	COSPRO(ISI)	162	1400	226800
3	PENDAND HOLDER	CARON(ISI)	13.9	3000	41700
4	2.5 MM SERVICE WIRE	ATC KSEB APPROVED	790	10	7900
5	FOLDED LADDER	ALUMINIUM HEAVY KSEB APPROVED	14500	1	14500
6	INSULATION TAPE	STEEL GRIP	9.5	300	2850
7	SAFETY HELMET	KSEB APPROVED	460	2	920
8	ONE WAY SWITCH	HAVELS	18	10	180
9	ONE WAY GANG BOX	HAVELS/GM	90	10	900
10	SILICONE	FIXIT OR OTHERS	120	10	1200
TOTAL AMOUNT					396950

